


മെഹദ് മഖ്ബൂൽ

mehdmaqbool@gmail.com

ഒരു കലണ്ടർ കൂടി ജീവിതത്തിൽ നിന്ന് അസ്തമിക്കുകയാണ്. നമ്മളിൽനിന്ന് അടർന്നുപോകുന്ന ആണ്ടുകളുടെ കൂട്ടത്തിലേക്ക് ഒരാണ്ടുകൂടി വരിചേർന്നിരിക്കുന്നു.

# ഒരു കലണ്ടർ കൂടി അസ്തമിക്കുകയാണ്

നമ്മൾ മലയാളികൾ നമ്മെത്തന്നെ എമ്പാടും പരിഹസിക്കാറുണ്ട്. നമ്മുടെയും നമ്മെ ഭരിക്കുന്നവരുടെയും അനാസ്ഥകളും കൊള്ളരുതായ്മകളും പറഞ്ഞ് ആക്ഷേപം ചൊരിയാറും ഉണ്ട്. ആത്മവിമർശനമെന്നത് ഉയർന്ന ബൗദ്ധിക നിലവാരമുള്ളവർക്ക് മാത്രം കഴിയുന്ന ഒന്നാണ്. സ്വന്തത്തെ പരിഹസിച്ച് ചിരി വിരിയിക്കുന്നു മലയാളി.

കേരളം തന്നെ വല്ലാതെ പ്രചോദിപ്പിക്കുന്നുവെന്നെഴുതുന്നു അനിതാ നായർ. "കേരളം, നിറങ്ങളുടെയും ഗന്ധങ്ങളുടെയും പ്രകൃതിയുടെയും ആളുകളുടെയും അവരുടെ വിട്ടുവീഴ്ചയില്ലായ്മയുടെയും നർമബോധത്തിന്റെയും ആകത്തുകയാണ്. ഇവിടെ കടകളുടെ വരാന്തകൾ വാർത്താ മുറികളാണ്. പത്രം വായിക്കുകയല്ല, വായന കൊണ്ട് ശസ്ത്രക്രിയ നടത്തുകയാണ്. അറിവിന്റെ ഭാരമാണ് ശരാശരി മലയാളിയെ കടുംപിടിത്തക്കാരനും എതിരഭിപ്രായക്കാരനും സൂര്യന് കീഴിലുള്ള എന്തിനെയും വിമർശിക്കുന്നവനുമാക്കി മാറ്റുന്നത്. ഈ തനത് സ്വഭാവവും തൃപ്തിപ്പെടുത്താൻ ബുദ്ധിമുട്ടുള്ള പ്രകൃതവുമാണ് മലയാളിയെ ഒരു ഗംഭീര വായനക്കാരനാക്കി മാറ്റുന്നത്."



*അനിതാ നായർ*

എന്തായാലും നമ്മളിപ്പോൾ വെറും മലയാളിയല്ല. ശ്രേഷ്ഠ മലയാളിയാണ്. മലയാളത്തിന് 'ശ്രേഷ്ഠ ഭാഷാ' ബിരുദം കിട്ടിയതിൽ ആനന്ദിക്കുന്നവരാണ്. ഇനി നമ്മുടെ സ്കൂളകങ്ങളിലെ മലയാളം എന്തെന്നറിയാൻ റഹീം പൊന്നാടിന്റെ 'ശ്രേഷ്ഠ മലയാളം' എന്ന കവിതക്ക് കാത് കൊടുക്കാം.

'സെക്കന്റ് ബെല്ലടിച്ച്, പ്രെയറും കഴിഞ്ഞ്
അറ്റന്റൻസ് രജിസ്റ്ററും ചോക്കും ഡസ്റ്ററുമായി
കയറിവന്നു, മലയാളം ടീച്ചർ
ലേറ്റ് കമേഴ്സിനെ ഗെറ്റൗട്ടടിച്ചും
ഹോംവർക്ക് ചെയ്യാത്തവർക്ക് ഇമ്പോസിഷൻ കൊടുത്തും
ഫസ്റ്റ് ബെഞ്ചുകാരോട് ചില ക്വസ്റ്റ്യൻ ചോദിച്ചും
ലാസ്റ്റ് ബെഞ്ചിലേക്ക് നോക്കി
ഇടക്കിടെ സൈലൻസ് പറഞ്ഞും
എത്ര ഫാസ്റ്റായിട്ടാണ് ഫസ്റ്റ് പിരീഡ് തീർന്നത്.
വാട്ടെ പിറ്റി!
ചങ്ങമ്പുഴയുടെ പോയം ഇന്നും
സ്റ്റാർട്ട് ചെയ്യാൻ പറ്റിയില്ല..
സോറി, ലെറ്റസ് സ്റ്റാർട്ട് ടുമാറോ
താങ്ക്യുമാം..'



*സുറാബ്*



*റഹീം പൊന്നാട്*

ഒരു കലണ്ടർ കൂടി ജീവിതത്തിൽ നിന്ന് അസ്തമിക്കുകയാണ്. നമ്മളിൽനിന്ന് അടർന്നുപോകുന്ന ആണ്ടുകളുടെ കൂട്ടത്തിലേക്ക് ഒരാണ്ടുകൂടി വരിചേർന്നിരിക്കുന്നു. ദിനങ്ങളിങ്ങനെ കൊഴിഞ്ഞുപോകുമ്പോൾ താൻ കാണുന്നത് വാർധക്യത്തിന്റെ ആകാശമാണെന്നെഴുതിയത് 'അക്കങ്ങളുടെ ആയുസ്സ്' എന്ന കഥയിൽ സുറാബ്.

"ഡിസംബർ 31, ഒരു വർഷം കൂടി പിരിഞ്ഞുപോകുന്നു. ബലം വെക്കുന്ന സ്വപ്നങ്ങളിൽ തൂങ്ങി ഞാൻ അസ്തമിക്കുന്നു. എന്റെ മുപ്പത്തിരണ്ടാമത്തെ സൂര്യൻ നാളെ ഉദിക്കും. ഞാൻ പകുതിയിലധികം ദൂരം നടന്നുകഴിഞ്ഞു. വാർധക്യത്തിന്റെ ആകാശം ഞാൻ കാണുന്നു.

കിതപ്പും രോഗങ്ങളും നിറഞ്ഞ മുഷിഞ്ഞ ആകാശം.

വാർധക്യമാണ് ജീവിതത്തിലെ ഏറ്റവും വലിയ സുഖം.

എവിടെയെങ്കിലുമൊരു കട്ടിലിൽ അടുത്തൊരു കോളാമ്പിവെച്ച്... പുതച്ച്..." ■

Vol. No: 70 Issue No. 29 Printed at Al Ghurair printing & Publishing House co. (L.L.C.) Dubai-UAE. Editor: T.K. Abdulla